ഉത്തരം

(എ-സി) പത്താം ശമ്പള പരിഷ്കരണത്തിന്റെ ഒന്നാംഘട്ട റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. കാലതാമസം കൂടാതെ ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റവന്യൂ വരുമാന വർദ്ധനാ നിരക്ക്

88 (3597) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 5 വർഷങ്ങളിലെ റവന്യൂ വരുമാന വർദ്ധനാ നിരക്ക് വർഷം തിരിച്ച് നൽകാമോ?

ഉത്തരം

കഴിഞ്ഞ 5 വർഷങ്ങളിലെ റവന്യൂ വരുമാനം, വർദ്ധനാ നിരക്ക് എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

വർഷം	റവന്യൂ വരുമാനം (തുക കോടിയിൽ)	വർദ്ധന നിരക്ക് (ശതമാനത്തിൽ)
2010-11	30991.00	18.70
2011-12	38010.00	22.65
2012-13	44137.00	16.12
2013-14	49177.00	11.42
2014-15	57950.47	17.84

"നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനും കർമ്മ പദ്ധതികൾ"

89 (3598) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുമായി നികുതി മേൽനോട്ട സമിതി, വില നിരീക്ഷണ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ വിശകലനം നടത്തുന്നുണ്ട്. നികുതി നിർണ്ണയം ഊർജ്ജിതമാക്കുന്നതിന് റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കി കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽകൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. ഇത് ബാക്കിയുള്ള അതിർത്തി ചെക്ക്പോസ്റ്റുകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. സി.സി.ടി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി വലിയ തുകകൾ ഉൾപ്പെട്ട ഹൈക്കോടതിയിലുള്ള കേസുകൾ അടിയന്തിരമായി തീർപ്പുകൽപ്പിച്ച് നികുതി പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. ഇതിനുപുറമേ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസുകളും അടിയന്തിരമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേയ്ക്ക് വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു ഇതുപ്രകാരം സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും. ആഢംബര നികുതി, കാർഷികാദായ നികുതി, മണിലെൻഡേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കി. ചെക്കുപോസ്റ്റുകളുടേയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും തദ്വാര നികുതി വെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കുടിശ്ശിക അസസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്ക്രൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

Kerala Taxation Laws Amendment Act 2014 പ്രകാരം കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള ബിയർ & വൈൻ ഒഴികെയുള്ള വിദേശമദ്യത്തിന്റെ നികുതി നിരക്ക് 115 ശതമാനത്തിൽ നിന്നും 135 ശതമാനമായും ബിയർ & വൈനിന്റെ നികുതി നിരക്ക് 50 ശതമാനത്തിൽ നിന്നും 70 ശതമാനമായും ഉയർത്തുകയുണ്ടായി.

നികുതി നിർണ്ണയ അധികാരികളുടെ യോഗം നടത്തി പൊട്ടൻഷ്യൽ അസസ്സ്മെന്റ്, മോഡിഫൈഡ് അസസ്സ്മെന്റ് എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കാനും സി.എസ്.ടി. അസസ്സ്മെന്റുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി വെട്ടിപ്പ് പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ചശേഷം കടപരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റലിജൻസ് വിംഗിനോട് കട പരിശോധനയുമായി ബന്ധപ്പെട്ട ക്രൈംഫയലുകൾ പെട്ടെന്ന് തീർപ്പാക്കി അസസ്സ്മെന്റ് വിംഗിന് നൽകാൻ നിർദ്ദേശം നൽകി. ടെയിൻ, ലക്ഷ്വറിബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. റവന്യൂ റിക്കവറിയിൽ കിടക്കുന്ന തുകകൾ കാലവിളംബം കൂടാതെ പിരിച്ചെടുക്കുന്നതിൽ ജില്ലാകളക്ടർമാരുടെ യോഗത്തിൽ നിർദ്ദേശം നൽകുകയുണ്ടായി. വകുപ്പുതല റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. നിബന്ധന കൂടാതെയുള്ള സർക്കാർ സ്റ്റേകളും പിൻവലിച്ചിട്ടുണ്ട്. തുണിത്തരങ്ങളിന്മേലുള്ള വിറ്റുവരവ് നികുതി അടയ്ക്കാത്ത തുണിസ്ഥാപനങ്ങളുടെ അസസ്സ്മെന്റ് സമയബന്ധിതമായി പൂർത്തിയാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നികുതി നിർണ്ണയ വ്യവസ്ഥ കാര്യക്ഷമമാക്കുന്നതിനായി ആഡിറ്റ് അസസ്സ്മെന്റ് വിംഗ് പുനഃസ്ഥാപിച്ചിട്ടുണ്ട്.

"നികുതി വെട്ടിച്ച് നിർമ്മാണ സാമഗ്രികൾ കടത്തുന്നത്"

90 (3599) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെയുള്ള സാധനങ്ങൾ നികുതി വെട്ടിച്ച് സംസ്ഥാനത്തേക്ക് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) അത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly